## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.279 | | 13.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ശുചിത്വമിഷൻ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.ഇ.പി.ജയരാജൻ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.ജെ. മാക്സി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ശുചിത്വമിഷൻ പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | 1) പുനഃചക്രമണം, മറ്റ് പ്രകൃതി സൗഹൃദ വ്യവസായങ്ങൾ, സംരംഭങ്ങൾ മുതലായവയ്ക്കുള്ള പ്രോത്സാഹനം.<br>2) ഉത്പാദകന്റെ അധിക ഉത്തരവാദിത്തം (Extended Producer Responsibility) പ്രോത്സാഹിപ്പിക്കുന്നതിനും, അനുബന്ധ പരിപാടികൾക്കും ഇൻസന്റീവ്.<br>3) മാലിന്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾ/ചെറുകിട സംരംഭകർ എന്നിവർക്ക് നൽകുന്ന ധനസഹായം.<br>4) പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അതിനു പകരം വെയ്ക്കാവുന്ന നവീന ഉൽപ്പന്നങ്ങൾക്കുള്ള പ്രോത്സാഹനം.<br>5) ദ്രവമാലിന്യ സംസ്കരണം (കക്കൂസ് മാലിന്യം ഉൾപ്പെടെ ഉള്ളത്).<br>6) കക്കൂസ് മാലിന്യത്തിന്റെ സുരക്ഷിത ശേഖരണത്തിനും സംസ്കരണത്തിനായും ഇതു സംബന്ധിച്ച പഠനങ്ങൾ നടത്തുവാനുമുള്ള സഹായം. |
| (സി) | ഉറവിട മാലിന്യ സംസ്കരണത്തിന് വികേന്ദ്രീകൃത സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ശുചിത്വമിഷൻ സ്വീകരിച്ചിട്ടുള്ളത്; | (സി) | ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• കൂടുതൽ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുക സാങ്കേതികവിദ്യകൾക്ക് അംഗീകാരം നൽകുക.<br>• വികേന്ദ്രീകൃത സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന സേവന ദാതാക്കളെ കണ്ടെത്തി എംപാനൽ ചെയ്യുക.<br>• വിവരവിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br>• സ്റ്റേക്ക്ഹോൾഡേഴ്സിനുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുക. |

| | | | |
|---|---|---|---|
| (ഡി) | മാലിന്യ സംസ്കരണം ജനങ്ങളുടെ പൂർണ്ണപങ്കാളിത്തത്തോടെ ഒരു ജനകീയ സംരംഭമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമോ? | (ഡി) | ശുചിത്വം മാലിന്യ സംസ്ക്കരണ മേഖലയിൽ ഊന്നൽ നൽകി ഹരിതകേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നത്തിന് ജനപങ്കാളിത്തത്തോടെ പരിഹാരം കാണുകയെന്നതാണ് ഹരിതകേരളം പദ്ധതിയുടെ പ്രധാനലക്ഷ്യം. |

സെക്ഷൻ ഓഫീസർ